മത്സ്യവ്യവസായ വികസനം

* 722. [35] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) മത്സ്യവ്യവസായവികസനത്തിനുവേണ്ടി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ എന്തുതുക ഉൾപ്പെടുത്താനാണ് ഈ ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്;

(ബി) ഇതുസംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുന്നത്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം)

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താവുന്ന തുക എത്രയെന്ന് ഇപ്പോൾ പറയുക സാദ്ധ്യമല്ല.

(ബി) ഇതുസംബന്ധിച്ചുള്ള തീരുമാനങ്ങൾ ഗവണ്മെൻറിന്റെ സജീവമായ പരിഗണനയിലിരിക്കുകയാണ്.

സഹകരണ സംഘങ്ങൾ.

* 723. [38] ശ്രീ. സി. കൊച്ചുകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) 1953-54, 1954-55 എന്നീ വർഷങ്ങളിൽ പിന്നോക്ക സമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറുമുഖേന എത്ര സഹകരണ സംഘങ്ങൾ രൂപീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) പിന്നോക്കസമുദായങ്ങളുടെ സാമ്പത്തികമായ പുരോഗതിയെ ലക്ഷ്യമാക്കി ആണ്ടുതോറും കൂടുതൽ കൂടുതൽ സഹകരണ സംഘങ്ങൾ രജിസ്റ്റർചെയ്തു കൊടുക്കണമെന്നുള്ള നയം ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ;

(സി) പിന്നോക്കസമുദായാംഗങ്ങൾ അപേക്ഷിക്കുന്നതായാൽ യാതൊരു തടസ്സവും കൂടാതെ സഹകരണ സംഘങ്ങൾ രജിസ്റ്റർചെയ്തു കൊടുക്കുവാൻ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 1953-54-ൽ അഞ്ചും 1954-55-ൽ രണ്ടും സഹകരണ സംഘങ്ങൾ രൂപീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രത്യേക വ്യവസ്ഥകൾ ഒന്നുമില്ല. നിയമപ്രകാരമുള്ള അപേക്ഷകൾ കാലതാമസംകൂടാതെ രജിസ്റ്റർ ചെയ്തുകൊടുക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly